**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5753** **08-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ആലപ്പുഴ ജില്ലയിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | (എ) | **(എ) 2016 മുതൽ നാളിതുവരെ ആലപ്പുഴ ജില്ലയിലെ 16 അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത അങ്കണവാടികളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചവയുടെ എണ്ണം എത്ര; ഇപ്പോഴും നിർമ്മാണം നടന്നുവരുന്നവയുടെ എണ്ണം എത്ര; വ്യക്തമാക്കുമോ; | (ബി) | (ബി) ഏഴ് അങ്കണവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എട്ട് അങ്കണവാടികളുടെ നിർമ്മാണം നടന്നുവരുന്നു. |
| (സി) | അവയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് അവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (സി) | (സി) കുട്ടനാട് നിയോജക മണ്ഡലത്തിലെ തകഴി ഗ്രാമ പഞ്ചായത്തിലെ 82ാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. സോയിൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഭരണാനുമതി നൽകിയതിൻ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നമ്പർ | വർഷം | നിയോജക മണ്ഡലം | പഞ്ചായത്ത്/ നഗരസഭ | സെന്റർ നമ്പർ | ഭരണാനുമതി തുക |
|---|---|---|---|---|---|
| 1 | 2020-21 | കുട്ടനാട് | കൈനകരി | 03 | 32,50,000/- |
| 2 | 2020-21 | കുട്ടനാട് | നീലംപേരൂർ | 84 | 38,60,000/- |
| 3 | 2020-21 | കുട്ടനാട് | രാമങ്കരി | 52 | 29,00,000/- |
| 4 | 2020-21 | കുട്ടനാട് | വെളിയനാട് | 71 | 35,46,137/- |
| 5 | 2020-21 | കുട്ടനാട് | തലവടി | 63 | 27,64,952/- |
| 6 | 2020-21 | കുട്ടനാട് | തലവടി | 64 | 31,00,000/- |
| 7 | 2020-21 | കുട്ടനാട് | തകഴി | 82 | 36,50,000/- |
| 8 | 2020-21 | ഹരിപ്പാട് | ചെറുതന | 9 | 32,31,328/- |
| 9 | 2020-21 | ചെങ്ങന്നൂർ | ആല | 2 | 27,64,952/- |
| 10 | 2021-22 | ആലപ്പുഴ | മണ്ണഞ്ചേരി | 38 | 27,64,952/- |
| 11 | 2021-22 | ആലപ്പുഴ | മണ്ണഞ്ചേരി | 122 | 27,64,952/- |
| 12 | 2021-22 | ആലപ്പുഴ | മണ്ണഞ്ചേരി | 123 | 27,64,952/- |
| 13 | 2021-22 | ചേർത്തല | ചേർത്തല മുനിസിപ്പാലിറ്റി | 30 | 21,37,256/- |
| 14 | 2022-23 | ചേർത്തല | കടക്കരപ്പള്ളി | 94 | 27,64,952/- |
| 15 | 2022-23 | ചേർത്തല | തണ്ണീർമുക്കം | 79 | 27,64,952/- |
| 16 | 2022-23 | മാവേലിക്കര | മാവേലിക്കര നഗരസഭ | 106 | 21,37,256/- |
| ആകെ | | | | | **4,71,66,641/-** |